# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6277** **03.04.2018-ൽ മറുപടിയ്ക്ക്**

## പട്ടിക ഗോത്ര വർഗ്ഗ നരവംശ കേന്ദ്രം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ.വി.ആർ. സുനിൽ കുമാർ** | **ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)** |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടിക ഗോത്ര വിഭാഗങ്ങളെക്കുറിച്ച് സാമൂഹികവും നരവംശ ശാസ്ത്രപരവുമായ പഠനം നടത്തുന്നതിന് പട്ടിക ഗോത്ര വർഗ്ഗ നരവംശ കേന്ദ്രം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) | ആന്ത്രപ്പോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യയുടെ ഫീൽഡ് സ്റ്റേഷൻ സംസ്ഥാനത്ത് ആരംഭിക്കുന്നത് സംബന്ധിച്ച് ചർച്ച നടന്നു വരുന്നു. |
| ബി) | പട്ടിക വിഭാഗങ്ങൾക്കിടയിലെ അരിവാൾ രോഗം, ജനിതക രോഗങ്ങൾ എന്നിവ സംബന്ധിച്ച സർവ്വേയും വിശദ പഠനവും നടത്തുന്നതിന് തീരുമാനമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പിന്തുണയോടെ ആദിവാസികൾക്കിടയിലെ ജനിതക രോഗങ്ങൾ സംബന്ധിച്ച പഠനം ആന്ത്രപ്പോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| സി) | പട്ടിക ഗോത്ര വിഭാഗങ്ങളിലെ ആചാരാനുഷ്ഠാനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനും ഗോത്രകല, സംസ്കാരം, പാരമ്പര്യ വൈദ്യം ഉൾപ്പെടെയുള്ള തനത് അറിവുകൾ ഡോക്യുമെന്റ് | സി), ഡി) & ഇ) | കേരളത്തിലെ പട്ടിക ഗോത്ര വിഭാഗങ്ങളെ സംബന്ധിച്ച ആധികാരിക നരവംശ പഠനം നടത്തുക, പട്ടിക ഗോത്ര വിഭാഗങ്ങളുടെ ആചാര അനുഷ്ഠാനങ്ങൾ ഡിജിറ്റലൈസ് ചെയ്യുക, കിർത്താഡ്സ് മ്യൂസിയത്തിൽ ഗോത്രകലയും |

| | | | |
|---|---|---|---|
| | ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ; | | സംസ്കാരവും സംബന്ധിച്ച ഡോക്യുമെന്റുകൾ തയ്യാറാക്കാൻ സഹായിക്കുക, പട്ടിക ഗോത്ര വിഭാഗങ്ങളുടെ വൈദ്യം ഉൾപ്പെടെയുള്ള പരമ്പരാഗത തനത് വിജ്ഞാനത്തെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ വകുപ്പ് മുന്നോട്ട് വച്ചിട്ടുണ്ട്. ടി ആവശ്യങ്ങളെല്ലാം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |
| ഡി) | പ്രസ്തുത പഠന കേന്ദ്രം എവിടെ സ്ഥാപിക്കുന്നതിനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | |
| ഇ) | ആന്ത്രോപ്പോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ ഈ മേഖലയിൽ ഏതൊക്കെ തരത്തിലുള്ള സഹകരണമാണ് വാഗ്ദാനം ചെയ്തിട്ടുള്ളത് എന്നറിയിക്കുമോ? | | ആന്ത്രപ്പോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യയുടെ ഫീൽഡ് സ്റ്റേഷൻ അട്ടപ്പാടിയിലോ വയനാട്ടിലോ സ്ഥാപിക്കുന്നത് സംബന്ധിച്ച ചർച്ച നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ